തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ശ്രദ്ധിക്കുന്നു. കുറഞ്ഞകൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വരുമാനത്തിന് അനുയോജ്യമായ തരത്തിലുള്ള കുറഞ്ഞ നിർമ്മാണ ചെലവുള്ള വാസഗൃഹം (ഫ്ളാറ്റ്) ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഇന്നത്. ടി പ്രോജക്ട് ബി.ഒ.റ്റി. വ്യവസ്ഥയിൽ പി.പി.പി. (പബ്ലിക് പ്രൈവറ്റ് പാർട്ട്നർഷിപ്പ്) ആയിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഭവനം ഫൗണ്ടേഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) അസംഘടിത മേഖലയിലെ കുറഞ്ഞകൂലി ലഭിക്കുന്ന തൊഴിലാളി കുടുംബങ്ങൾക്ക് അവരുടെ വരുമാനത്തിന് അനുയോജ്യമായ തരത്തിലുള്ള കുറഞ്ഞ നിർമ്മാണ ചെലവുള്ള 500-700 സ്ക്വയർ ഫീറ്റ് ഫ്ളാറ്റ്/വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) 10 ലക്ഷം രൂപയ്ക്ക് 700 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഫ്ളാറ്റ് ഒരു തൊഴിലാളി കുടുംബത്തിന് ലഭിക്കുന്ന ഭവന നിർമ്മാണ ചെലവ് കുറയ്ക്കുന്ന സാഹചര്യത്തിൽ അവർക്ക് ആശ്വാസകരമായിരിക്കും.

(ഡി) പദ്ധതി നടപ്പിലാക്കാൻ സ്വകാര്യ സംരംഭകരിൽനിന്നും താൽപ്പര്യം ക്ഷണിച്ചിട്ടുണ്ട്. ദിനപത്രങ്ങൾവഴിയും ദൃശ്യമാധ്യമങ്ങൾവഴിയും പദ്ധതിയുടെ രൂപകല്പന, സ്ഥലലഭ്യത, നിർവ്വഹണം എന്നിവ സംബന്ധിച്ച് വിശദമായ താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 25-7-2014 ആണ്.

സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം

13 (*793) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചിട്ടുള്ള പ്രശ്നം ചർച്ചകളിലൂടെ പരിഹരിക്കുന്നതാണെന്ന് മന്ത്രി നൽകിയ ഉറപ്പിനെത്തുടർന്ന് എന്തെങ്കിലും ചർച്ചകൾ നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ എത്ര സീറ്റുകൾക്കാണ് പൊതുമെറിറ്റ് ലിസ്റ്റിൽ നിന്ന് പ്രവേശനം ലഭിക്കുകയെന്ന് അറിയിക്കാമോ ;

(സി) സർക്കാർ നിലപാടിന് വിരുദ്ധമായി പ്രവേശന നടപടികളുമായി മുന്നോട്ടുപോകുന്ന മാനേജ്മെന്റുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26-5-2014, 13-7-2014 എന്നീ തീയതികളിൽ കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി സർക്കാർ ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ അസോസിയേഷനു കീഴിലുള്ള അസീസിയ മെഡിക്കൽ കോളേജ് കൊല്ലം, അൽ അസർ മെഡിക്കൽ കോളേജ് തൊടുപുഴ, ഡി.എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് വയനാട്, മൗണ്ട് സിയോൺ മെഡിക്കൽ കോളേജ് അടൂർ, പി. കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഒറ്റപ്പാലം, ഡോ. സോമർവെൽ മെഡിക്കൽ കോളേജ് കാരക്കോണം, ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എറണാകുളം, എസ്.യു.ടി. അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ് വട്ടപ്പാറ തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ 2014-15 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് സർക്കാരുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളും നേരത്തെതന്നെ കരാർ ഒപ്പിട്ടിട്ടുണ്ട്. മറ്റുള്ള സ്വാശ്രയ സ്ഥാപനങ്ങളും ഏതാനും ദിവസങ്ങൾക്കുള്ളിൽ കരാർ ഒപ്പിടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിൽ ഇതേവരെ കരാർ ഒപ്പുവച്ചിട്ടുള്ള എട്ട് കോളേജുകളിലും ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജിലുമായി 725 സീറ്റുകളാണ് പൊതു മെറിറ്റിൽ ലഭിച്ചിട്ടുള്ളത്.

(സി) സർക്കാരുമായി കരാറിൽ ഏർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ 2006-ലെ സ്വാശ്രയ പ്രവേശന ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഒപ്പംതന്നെ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന സൗകര്യങ്ങൾ തുടർന്ന് നൽകുന്നകാര്യം പുനഃപരിശോധിക്കുന്നതിനും ഈ വിവരം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയെയും ആരോഗ്യ സർവ്വകലാശാലയെയും അറിയിക്കുന്നകാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഉന്മൂലം ചെയ്യിരുന്ന രോഗങ്ങളുടെ തിരിച്ചുവരവ്

14 (*794) ശ്രീ. കെ. അജിത് :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തീരദേശ ഗ്രാമങ്ങളിൽനിന്നും നിർമ്മാർജ്ജനംചെയ്ത ചില മാരക രോഗങ്ങൾ വീണ്ടും കണ്ടുതുടങ്ങിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രതിരോധ നടപടികളിൽ വീഴ്ച വന്നിട്ടുണ്ടോ ; അവ വീണ്ടും ശക്തമാക്കാൻ എന്തു പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ ;

(സി) തീരദേശ ഗ്രാമങ്ങളിൽ പ്രതിരോധ കുത്തിവയ്പുകളും ബോധവൽക്കരണവും നടപ്പിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) തിരുവനന്തപുരം ജില്ലയിലെ തീരദേശ ഗ്രാമമായ മുക്കോല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആരോഗ്യ ഉപകേന്ദ്രമായ കോട്ടപ്പുറത്തിന്റെ പ്രവർത്തന മേഖലയിൽ വരുന്ന കോട്ടപ്പുറം-കടക്കുളം കോളനിയിൽനിന്നും 23-6-2014-ൽ ഡിഫ്ത്തീരിയ രോഗംമൂലം 10 വയസ്സുള്ള ടിന എന്ന ബാലിക മരണപ്പെടുകയുണ്ടായി. ഡിഫ്ത്തീരിയ എന്ന രോഗം സംസ്ഥാനത്ത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. നിർമ്മാർജ്ജനം ചെയ്ത മാരകരോഗങ്ങൾ തീരദേശ ഗ്രാമങ്ങളിൽ വീണ്ടും കണ്ടു തുടങ്ങിയിട്ടില്ല. എന്നാൽ, ഉൾപ്രദേശങ്ങളിലെന്നപോലെ തീരദേശങ്ങളിലും കാലവർഷത്തിന് മുമ്പും കാലവർഷ ഘട്ടത്തിലും സാധാരണ കണ്ടുവരുന്ന പനി, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി, വയറിളക്കരോഗങ്ങൾ എന്നിവ ചില പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly